**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2720** **14-09-2023 - ൽ മറുപടിയ്ക്ക്**

**മെഡിസെപ്പ് ആനുകൂല്യങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. പി .രാമകൃഷ്ണൻ | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | സർക്കാർ ജീവനക്കാർക്കും പെൻഷൻകാർക്കും ഏതൊക്കെ അസുഖങ്ങൾക്കാണ് മെഡിസെപ്പ് വഴി ചികിത്സാ ആനുകൂല്യങ്ങൾ ലഭിക്കുന്നതെന്ന് വിശദമാക്കാമോ; | (എ) | 23.06.2022 ലെ സ. ഉ (പി) നം.70/2022/ധന പ്രകാരം നിലവിൽ വന്ന മെഡിസെപ് പദ്ധതിയിൽ നിലവിൽ 1920 മെഡിക്കൽ/സർജിക്കൽ ചികിത്സാ രീതികൾക്കും 12 ഇന അവയവമാറ്റ ചികിത്സകൾക്കുമാണ് ഇൻഷ്വറൻസ് ആനുകൂല്യം ലഭ്യമാകുന്നത്. |
| (ബി) | ഒരു രോഗിക്ക് ഒരേ സമയം ഒന്നിൽ കൂടുതൽ രോഗങ്ങൾക്ക് ചികിത്സാ ആനുകൂല്യങ്ങൾ ലഭിക്കുന്നില്ലെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (സി) | മുട്ട് മാറ്റിവെക്കൽ, ഇടുപ്പെല്ല് മാറ്റി വെക്കൽ എന്നീ ശസ്ത്രക്രിയകൾക്ക് മെഡിസെപ്പ് മുഖേന ആനുകൂല്യം ലഭ്യമാക്കുന്നുണ്ടോ; ഇല്ലെങ്കിൽ ഇത്തരം ശസ്ത്രക്രിയകൾക്കുള്ള ആനുകൂല്യങ്ങൾ കൂടി ഉൾപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ; | (സി) | **അവയവമാറ്റ ശസ്ത്രക്രിയകൾക്കായി മെഡിസെപ് പദ്ധതിയുടെ കോർപ്പസ് ഫണ്ടിൽ 3 വർഷത്തെ പദ്ധതി കാലയളവിലേയ്ക്കായി അവയവമാറ്റ ശസ്ത്രക്രിയകൾക്ക് സർക്കാർ നിശ്ചയിച്ച് നൽകി ഇൻഷ്വറൻസ് കമ്പനി മാറ്റിവയ്ച്ച 35 കോടി രൂപ വിനിയോഗിച്ച് തീർന്നതിന് മുഖ്യകാരണമായ മുട്ടുമാറ്റി വയ്ക്കൽ, ഇടുപ്പെല്ല് മാറ്റി വയ്ക്കൽ ശസ്ത്രക്രിയകൾ കമ്പനിയും സർക്കാരുമായി കൈക്കൊണ്ട ധാരണ പ്രകാരം സർക്കാർ ആശുപത്രികളിൽ മാത്രമായി നിജപ്പെടുത്തുവാനും മറ്റ് അവയവമാറ്റ ശസ്ത്രക്രിയകൾ എംപാനൽ ചെയ്ത ആശുപത്രികളിൽ പഴയതുപോലെ തുടരുവാനും തീരുമാനമായിട്ടുണ്ട്. ഇൻഷ്വറൻസ് കമ്പനിയുമായി സർക്കാർ പ്രാരംഭഘട്ടം മുതൽ നടത്തുന്ന ദ്വൈവാര അവലോകന യോഗങ്ങളിൽ പ്രശ്നങ്ങളെല്ലാം ചർച്ച ചെയ്യപ്പെടുകയും അവയവമാറ്റ ശസ്ത്രക്രിയകളെല്ലാം പുനസ്ഥാപിക്കുകയും നിർത്തിവച്ചിരുന്ന കാൽമുട്ട് മാറ്റിവയ്ക്കൽ, ഇടുപ്പ്മാറ്റിവയ്ക്കൽ ശസ്ത്രക്രിയകൾ സർക്കാർ ആശുപത്രികളിൽ മാത്രമായി** |

| | | | |
|---|---|---|---|
| | | | **നിജപ്പെടുത്തുകയുമുണ്ടായി. ഗുരുതര രോഗങ്ങൾക്കായി കമ്പനി വകയിരുത്തിയിരിക്കുന്ന 35 കോടി വിനിയോഗിച്ച ശേഷമുള്ള ക്ലെയിമുകൾക്ക് തുക അനുവദിക്കുന്നതുമായി ബന്ധപ്പെട്ടും 2022 ജൂലൈ 1 മുതൽ തുടർന്നും അവയവമാറ്റ ശസ്ത്രക്രിയകൾ നടത്തുന്നതിനുമായി ഇൻഷുറൻസ് കമ്പനിക്ക് 08.09.2023 ലെ ജി ഒ (ആർ റ്റി) നം. 6416/2023/ധന പ്രകാരം 10 കോടി രൂപയും ഫണ്ട് ഉപയോഗം സംബന്ധിച്ച് വ്യക്തമായ നിർദ്ദേശങ്ങളും നൽകിയിട്ടുണ്ട്.** |
| (ഡി) | കോഴിക്കോട് ജില്ലയിലെ ഏതൊക്കെ ആശുപത്രികളാണ് മെഡിസെപ്പിൽ ഉൾപ്പെട്ടതെന്ന് വിശദമാക്കാമോ? | (ഡി) | കോഴിക്കോട് ജില്ലയിലെ മെഡിസെപ് ൽ ഉൾപ്പെടുത്തിയിട്ടുള്ള ആശുപത്രികളുടെ ലിസ്റ്റ് മെഡിസെപ് വെബ്സൈറ്റിലെ ഹോസ്പിറ്റൽസ് എന്ന മെനുവിൽ ലഭ്യമാണ്. |

സെക്ഷൻ ഓഫീസർ